# അടിയന്തരപ്രമേയം

## പാചക വാതക വില വർദ്ധനവ്

മി. സ്പീക്കർ: പാചകവാതക വില ഗാർഹിക സിലിണ്ടറിന് 230.11 രൂപയും വാണിജ്യാവശ്യ സിലിണ്ടറിന് 385.95 രൂപയും വർദ്ധിപ്പിക്കുകയും ആധാർ കാർഡുമായി ബാങ്ക് അക്കൗണ്ടിനെ ബന്ധിപ്പിച്ചിട്ടില്ലാത്തവർക്ക് സബ്സിഡി നൽകില്ലെന്ന് പെട്രോളിയം കമ്പനികൾ തീരുമാനിക്കുകയും സബ്സിഡി സിലിണ്ടറുകളുടെ എണ്ണം വർദ്ധിപ്പിക്കാത്തതിനെയും തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. ടി.എം തോമസ് ഐസക്, സർവ്വശ്രീ വി.എസ്. സുനിൽ കുമാർ, സി.കെ. നാണു, കോവൂർ കുഞ്ഞുമോൻ, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. .

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, പാചക വാതകത്തിന്റെ വില വർദ്ധിപ്പിച്ചതും അതിനോടനുബന്ധിച്ച് ആധാർ നമ്പർ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കുന്നതിനുള്ള സമയപരിധി അവസാനിച്ചതും ആശയക്കുഴപ്പങ്ങൾക്കിടയാക്കിയിരുന്നു. അത് പാചക വാതക സിലിണ്ടറുകളുടെ വിതരണത്തെ ബാധിക്കുകയും ചെയ്തിരുന്നു. 2014 ജനുവരി 1, 2 തീയതികളിൽ ഈ വിഷയം നിലനിന്നിരുന്നുവെങ്കിലും ഇന്ന് പാചക വാതക വിതരണം പൂർവ സ്ഥിതിയിലെത്തിക്കാനുള്ള സാഹചര്യമുണ്ടായിട്ടുണ്ട്. ഈ വിഷയത്തിൽ ഗവൺമെന്റ് വളരെ സമയോചിതമായി ഇടപെട്ടു എന്ന് പറയാൻ

ഞാൻ ആഗ്രഹിക്കുകയാണ്. ആധാർ നമ്പറുമായി ബാങ്ക് അക്കൗണ്ട് ബന്ധിപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. 40 ശതമാനത്തോളം ജനങ്ങൾ ആധാർ നമ്പർ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കാനുണ്ട്. 40 ശതമാനം ജനങ്ങൾ സബ്സിഡി കമ്പോണന്റിൽനിന്ന് പുറത്താകുന്ന സാഹചര്യം ഒരു കാരണവശാലും അനുവദിക്കാൻ കഴിയുന്നതല്ല. ഈ വിഷയത്തിന്റെ ഗൗരവം ഗവൺമെന്റ് പൂർണ്ണമായി മനസിലാക്കി ആധാർ നമ്പർ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടണമെന്ന് ആവശ്യപ്പെടുകയും അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആധാർ നമ്പർ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 30 ആയിരുന്നു. ഇത് ഗവൺമെന്റിന്റെ അഭ്യർത്ഥന പ്രകാരം കേന്ദ്ര ഗവൺമെന്റ് ഡിസംബർ 31 വരെ നീട്ടിയിരുന്നു. ആധാർ നമ്പർ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കുന്നതിനുള്ള സമയപരിധി ഇപ്പോൾ ഫെബ്രുവരി 28 വരെ നീട്ടിയിട്ടുണ്ട്. കഴിഞ്ഞ ദിവസം ഞങ്ങൾ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെയും പെട്രോളിയം വകുപ്പുമന്ത്രിയെയും കണ്ട് ഈ വിഷയം അവതരിപ്പിക്കുകയും ആധാർ നമ്പർ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്യുന്നതിന് ആറ് മാസത്തെ സമയംകൂടി നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പാചക വാതകത്തിന്റെ വിലയിൽ 230 രൂപയുടെ വർദ്ധനവാണ് ഇപ്പോഴുണ്ടായിരിക്കുന്നത്. എന്നാൽ നോൺ സബ്സിഡി സിലിണ്ടറുകൾക്ക് മാത്രമാണ് 230 രൂപ വർദ്ധിപ്പിച്ചിരിക്കുന്നത്. നിലവിൽ സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കൾക്ക് പ്രതിവർഷം ലഭിച്ചുകൊണ്ടിരിക്കുന്ന 9 സിലിണ്ടറുകളുടെ വിലയെ ഇത് ഒരു തരത്തിലും ബാധിക്കുകയില്ല. ഓയിൽ കമ്പനികളും പെട്രോളിയം വകുപ്പുമന്ത്രിയും ഇത് സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടുണ്ട്. വർദ്ധിപ്പിച്ച

തുക സബ്സിഡിയായി കേന്ദ്ര ഗവൺമെന്റ് വഹിക്കുകയാണ്. അതുകൊണ്ട് 9 സിലിണ്ടറുകൾവരെ ഉപയോഗിക്കുന്ന ഒരു ഉപഭോക്താവിന് ഈ വിലവർദ്ധനവ് ബാധകമാകുന്നില്ല എന്ന വസ്തുതകൂടി ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. വില വർദ്ധിച്ച അവസരത്തിൽ സിലിണ്ടർ വിതരണം ചെയ്യുന്നില്ല തുടങ്ങി ഗ്യാസ് ഏജൻസികളുമായി ബന്ധപ്പെട്ട പല ഇഷ്യൂസും ഉണ്ടായിരുന്നു. ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഓയിൽ കമ്പനികളുമായും ഗ്യാസ് ഏജൻസി പ്രതിനിധികളുമായും ഗവൺമെന്റ് ചർച്ച നടത്തിയിരുന്നു. കൃത്യതയോടെയുള്ള സേവനം ജനങ്ങൾക്ക് ഉറപ്പാക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു. ഇതിൽ വീഴ്ച വരുത്തുന്ന ഗ്യാസ് ഏജൻസികൾക്കെതിരെ നടപടി സ്വീകരിക്കുവാൻ ഓയിൽ കമ്പനികൾ തയ്യാറാകണമെന്നും ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് ആശങ്കയ്ക്കുള്ള സാഹചര്യം ഇപ്പോഴില്ല. ഒരു വിഭാഗം ജനങ്ങളെയും സബ്സിഡിയിൽനിന്ന് ഒഴിവാക്കുന്ന സാഹചര്യമുണ്ടാക്കാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ലെന്ന കാര്യം ഞാൻ ഉറപ്പ് നൽകുന്നു. അർഹരായ എല്ലാവർക്കും സബ്സിഡി ലഭ്യമാക്കുന്ന സാഹചര്യമുണ്ടാകും. അത് ഗവൺമെന്റ് കൃത്യമായി കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. അതോടൊപ്പം പെട്രോളിയം കമ്പനികൾക്ക് വില നിയന്ത്രിക്കുവാനുള്ള അധികാരം നൽകിയത് പുന:പരിശോധിക്കണമെന്നും ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവന്നിട്ടുമുണ്ട്. .

<u>ഡോ. ടി. എം. തോമസ് ഐസക് :</u> സർ, നാട്ടിൽ ജനങ്ങളെ ഇത്രയധികം ബാധിക്കുന്നതും ആശങ്കയിലാഴ്ത്തിയിട്ടുള്ളതുമായ പാചക വാതക

പ്രതിസന്ധി സംബന്ധിച്ച് ആശങ്കപ്പെടാനൊന്നുമില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. രണ്ട് മൂന്ന് ദിവസം വിതരണം നിലച്ചതായ ചെറിയ ഒരു പ്രശ്നമുണ്ടായെന്നും അത് പരിഹരിച്ചുവെന്നുമാണ് അദ്ദേഹം പറയുന്നത്. വാണിജ്യ ആവശ്യങ്ങൾക്കുള്ള പാചക വാതക സിലിണ്ടർ ഒന്നിന് 356 രൂപയുടെയും ഗാർഹിക ആവശ്യത്തിനുള്ള പാചക വാതക സിലിണ്ടർ ഒന്നിന് 230 രൂപയുടെയും വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്. മന്ത്രിയുടെ നിലപാട് 230 രൂപ വർദ്ധിച്ചത് അധിക സബ്സിഡിയായി കിട്ടുമെന്നാണ്. വർദ്ധിച്ച വിലയടക്കമുള്ള 1290 രൂപ അഡ്വാൻസായി ഉപഭോക്താവ് കൊടുക്കണ്ടേ; പിന്നീടല്ലേ റീ-ഇംബേഴ്സ്മെന്റ് നടക്കുന്നത്. യു.പി.എ. സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഉപഭോക്താവ് കൊടുക്കേണ്ടിവരുന്ന തുക 245 രൂപയായിരുന്നു. ആ തുകയാണ് ഇപ്പോൾ കേരളത്തിൽ 445 രൂപയായി വർദ്ധിച്ചിട്ടുള്ളത്. ഇപ്പോൾ വരുത്തിയ വർദ്ധനവായ 230 രൂപ ജനങ്ങളെ ബാധിക്കില്ലെന്നാണ് പറയുന്നത്. പക്ഷേ ഈ തുക എന്നാണ് കിട്ടുന്നത്; നാളെയും വരുത്തുന്ന വർദ്ധനവിനൊക്കെ ഇത്തരത്തിൽ സബ്സിഡി തുക കൂടുതൽ തരുമോ ഇല്ലയോ എന്നുള്ളതാണ് അറിയേണ്ടത്. ഇപ്പോൾ ഡീസലിന്റെ വിലവർദ്ധനവ് സംബന്ധിച്ച് നമുക്കറിയാവുന്നതാണ്. മാസം 50 പൈസ വച്ച് വർഷത്തിൽ ആറ് രൂപ വർദ്ധിപ്പിക്കുമ്പോൾ നാട്ടിൽ എന്താണ് പ്രതിഷേധം? 50 പൈസ വർദ്ധനവ് നടത്തിയതിന്റെ ലക്ഷ്യം ഈ പ്രതിഷേധം ഊറ്റിക്കളയൽ തന്നെയാണ്. ഇന്നിപ്പോൾ ചെയ്യാൻ പോകുന്നതെന്താണ്; സബ്ഡിസി പിന്നീടാണ് ലഭിക്കുന്നത്. ആദ്യം അഡ്വാൻസായി തുക അടയ്ക്കണം. ഒരാൾ തുക അടച്ചപ്പോൾ വന്ന മെസേജ് ആണ്, under DBT

scheme for LPG consumer an advanced subsidy of 435 rupees is being given എന്നാണ്. ബാക്കി തുക പിന്നീടാണ് വരുന്നത്. സബ്സിഡി എന്ന് കിട്ടുമെന്ന് ഇതിൽ നിന്നും മനസ്സിലാകുന്നില്ല, നാളത്തെ വർദ്ധനവിന് സബ്സിഡി കൂട്ടിക്കൊടുത്തില്ലെങ്കിലും അതങ്ങ് അംഗീകൃതമായിപ്പോകും. സബ്സിഡി പടിപടിയായി കുറയ്ക്കാനുള്ള ഒരു ഗൂഢപദ്ധതി തന്നെയാണിത്. ഇതുസംബന്ധിച്ച് നാട്ടിൽ യാതൊരു ആശങ്കയ്ക്കും വകയില്ലെന്നാണ് ബഹു മാനപ്പെട്ട മന്ത്രി പറയുന്നത്. സബ്സിഡിയോടുകൂടി ലഭിക്കുന്ന സിലിണ്ടറു കൾ 6–ൽ നിന്ന് 9 ആക്കി. എന്തുവന്നാലും ഒരു സിലിണ്ടർ കൂടി തരാൻ കഴി യില്ലെന്ന് ശ്രീ. വീരപ്പ മൊയ്‌ലി ഇവിടെ വച്ചല്ലേ പറഞ്ഞത്? 9 സിലിണ്ടർ എന്നു പറയുന്നത് എവിടെയെങ്കിലും കിട്ടുന്നുണ്ടോ; ബുക്ക് ചെയ്ത് രണ്ട് മാസത്തോളം കാത്തിരുന്നാൽ മാത്രമേ സിലിണ്ടർ കിട്ടുകയുള്ളു. എത്ര ശ്രമി ച്ചാലും 6 സിലിണ്ടറുകളിൽ കൂടുതൽ ആർക്കെങ്കിലും കിട്ടുമോ? ഫലത്തിൽ സിലിണ്ടറുകളുടെ എണ്ണം 9 എന്നുപറയുകയും 6 ആയി കുറയ്ക്കുകയും ചെയ്തിരിക്കുകയാണ്. അതുപോലെതന്നെയാണ് ആധാറിന്റെ കാര്യവും. ആധാർ എല്ലാ കാര്യങ്ങളുമായും ബന്ധിപ്പിക്കാൻ പോവുകയാണെന്ന് ഗവർണ്ണറുടെ പ്രസംഗത്തിലും പറഞ്ഞിട്ടുള്ളതാണ്. ജനങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ പാർലമെന്റിന്റെ നിയമപിന്തുണയില്ലാത്ത നിബന്ധന വച്ച് വെട്ടിച്ചുരുക്കാൻ പാടില്ലെന്ന് സുപ്രീം കോടതിയുടെ വിധിയുള്ളതല്ലേ? ലോക സഭയിൽ ഇക്കാര്യം സംബന്ധിച്ച് രണ്ടുതവണ അഷ്വറൻസ് നൽകിയിട്ടുള്ള താണ്. ആധാർ ലിങ്കില്ലെങ്കിൽ സബ്സിഡിയില്ലെന്നാണ് യു.പി.എ. സർക്കാർ ഇപ്പോൾ പറയുന്നത്. ആധാർ ലിങ്ക് ചെയ്യാൻ രണ്ട് മാസം കൂടി തന്നിട്ടുണ്ട് എന്നാണിപ്പോൾ പറയുന്നത്. ഈ വില വർദ്ധനവിന് എന്ത് ന്യായീകരണമാ

ണുള്ളത്; കേന്ദ്ര സർക്കാർ കണക്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിദേശത്തുനിന്നും ഒരു സിലിണ്ടർ വാതകം ഇൻഡ്യയിൽ ഇറക്കുമതി ചെയ്യുമ്പോൾ ഉണ്ടാകുന്ന ചെലവ് 1061 രൂപയാണ്. ആകെ ഇൻഡ്യയിൽ വേണ്ട എൽ.പി.ജി.യുടെ 20 ശതമാനം പോലും ഇറക്കുമതി ചെയ്യേണ്ടിവരുന്നില്ല. 1061 രൂപയ്ക്ക് റിഫൈനറിയിൽ നിന്ന് ലഭിക്കുന്ന സിലിണ്ടർ ഫ്രൈറ്റ് ചാർജ്ജും ബോട്ട്ലിങ് ചാർജ്ജും ചേർത്തുകഴിയുമ്പോൾ 1259 രൂപ വിലവരും. 23 രൂപ കേന്ദ്രസർക്കാർ ബോട്ട്ലിങ് പ്ലാന്റിന് സബ്സിഡി നൽകുന്നുണ്ട്. വിതരണക്കാരുടെ ലാഭവും 41 രൂപയും ചേർത്ത് 1277 രൂപയാണ് സർക്കാരിന്റെ കണക്ക് പ്രകാരമുള്ള ചെലവ്. ഗാർഹിക പാചക വാതകത്തിനുള്ള സിലിണ്ടറിന് 1290 രൂപയാക്കിയതിൽ 13 രൂപയുടെ വ്യത്യാസമേയുള്ളൂ. പക്ഷേ, വാണിജ്യ പാചക വാതക സിലിണ്ടറിന്റെ വില 386 രൂപ കൂട്ടി 2189 രൂപയാക്കാൻ എന്ത് ന്യായമാണുള്ളത്; 1277 രൂപയാണ് ഒരു സിലിണ്ടറിനുള്ള ചെലവെന്ന് സർക്കാർ തന്നെ സമ്മതിക്കുന്നു. ഗാർഹിക പാചക വാതക സിലിണ്ടറിൽ 14.5 കിലോഗ്രാമും വാണിജ്യ ആവശ്യത്തിനുള്ള പാചക വാതക സിലിണ്ടർ 19 കിലോ ഗ്രാമുമാണ്. ആനുപാതികമായി വില വർദ്ധിപ്പിച്ചാൽ പോലും 1708 രൂപ മാത്രമാണ് വില വരുന്നത്. ഇന്നുണ്ടായിട്ടുള്ള 386 രൂപയുടെ വർദ്ധനവ് കൊള്ളയാണ്. ഹോട്ടലുകളിൽ എല്ലാ സാധനങ്ങൾക്കും വില കൂടിയില്ലേ; ഓട്ടോ ചാർജ്ജ് വർദ്ധിപ്പിച്ചു. സി.എൻ.ജി. ഉപയോഗിക്കുന്ന ബസിൽ എൽ.പി.ജി.യാണ് ഉപയോഗിക്കുന്നത്. ഗാർഹിക പാചക വാതകത്തിന്റെ വിലയെടുത്താൽ, വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുമ്പോൾ വരുന്ന വില 1061 രൂപയാണ്. ആ വിലയ്ക്ക് റിഫൈനറിയിൽ നിന്ന് വിലയിട്ട്

അന്തിമ വില തീരുമാനിക്കണമെന്ന് പറയുന്നതിലുള്ള ന്യായമെന്താണ്; റിഫൈനറികൾ നമ്മുടെ നാട്ടിലുള്ളതല്ലേ; വിദേശത്തുനിന്നുമുള്ള ഫ്രൈറ്റ് ചാർജ്ജിന്റെയോ, കപ്പലിൽ കൊണ്ടുവരുമ്പോൾ ഉണ്ടാകുന്ന ലോസ്സിന്റെയോ, വിദേശികളുടെ കമ്മീഷന്റെയോ മാർജിന്റെയോ പ്രശ്നമുണ്ടോ? ഭീമമായ നഷ്ടമാണെന്നും അണ്ടർ റിക്കവറിയാണെന്നും അടിയന്തരമായി വില വർദ്ധിപ്പിച്ചില്ലെങ്കിൽ നഷ്ടം വരുമെന്നും പറയുന്നതിൽ എന്ത് ന്യായമാണുളളത്? റിലയൻസ് പ്രകൃതി വാതകത്തിന് വില നിശ്ചയിച്ചപ്പോൾ 8 ഡോളറായില്ലേ; ഒരു മില്ല്യൻ ബ്രിട്ടീഷ് തെർമ്മൽ യൂണിറ്റിന് ഇപ്പോൾ 8 ഡോളർ കൊടുക്കാൻ സമ്മതിച്ചു. എത്രയാണ് ചെലവ് വരുന്നത്. ചേട്ടൻ അംബാനിയും അനിയൻ അംബാനിയും തമ്മിലുള്ള കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി പറഞ്ഞത്, ഒരു ഡോളർ 8 സെന്റ് ആണ് ചെലവെന്നാണ്. അത് ഇൻഡ്യാ ഗവൺമെന്റ് 4 ഡോളറാക്കിക്കൊടുത്തു. ഇംപോർട്ട് വില തന്നെ കിട്ടണമെന്ന് പറഞ്ഞവർ പ്രൊഡക്ഷൻ കുറച്ചു, നാട്ടിൽ പ്രതിസന്ധിയായി, ഇറക്കുമതി കൂട്ടേണ്ടിവന്നു. അങ്ങനെ വാൾമുനയിൽ നിറുത്തി രംഗരാജൻ കമ്മിറ്റിയെ വച്ച് വില 8 ഡോളറാക്കി. ഇപ്പോൾ പറയുന്നത് ഇറക്കുമതി വില 14 ഡോളറാണെന്നും അത് കിട്ടണമെന്നുമാണ്. ഈ കൊള്ളയുടെ ചെറിയ രൂപമല്ലേ റിഫൈനറികൾ നടത്തുന്നത്? നഷ്ടമെന്നുപറയുമ്പോൾ റിഫൈനറികൾക്ക് ഇംപോർട്ട് വില കൊടുത്തതിന്റെ ഫലമായിട്ടുള്ള അധിക ലാഭത്തിന്റെ കണക്ക് പരിശോധിക്കണ്ടേ; അതല്ലെങ്കിൽ വാണിജ്യാടിസ്ഥാനത്തിലുള്ള പാചകവാതക സിലിണ്ടറിന് കൂട്ടുന്ന അധികവിലയുടെയും ലാഭത്തിന്റെയും കൂടി കണക്കെടുക്കണ്ടേ; അത് കണക്കിലെടുക്കാതെ എന്തടിസ്ഥാനത്തിലാണ് നഷ്ടമുണ്ടെന്ന് പറഞ്ഞ് വില കൂട്ടിക്കൊണ്ടിരിക്കുന്നത്? യഥാർത്ഥ

ത്തിൽ ആധാറിന്റെ ലക്ഷ്യമെന്താണ്; പ്രത്യക്ഷത്തിലുള്ള കാരണം ചോർച്ച ഒഴിവാക്കാം, ചിലരെയെല്ലാം ആനുകൂല്യത്തിൽ നിന്നും മാറ്റി നിറുത്താമെന്നുള്ളതാണ്. എന്നാൽ യഥാർത്ഥ കാരണം റിലയൻസിന് സബ്സിഡി കൊടുക്കാനാണ്. ഇപ്പോൾ നഷ്ടം വരുന്നു, അണ്ടർ റിക്കവറി വരുന്നു, എങ്ങനെയാണ് എണ്ണക്കമ്പനികൾ അണ്ടർ റിക്കവറിയിൽനിന്നും നഷ്ടം നികത്തിക്കൊണ്ടിരിക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ടത്, ഒ.എൻ.ജി.സി.-ക്കും പൊതുമേഖലാ റിഫൈനറികൾക്കും കിട്ടുന്ന വലിയ ലാഭമുണ്ട്. ആ ലാഭത്തിന്റെ വിഹിതം കഴിഞ്ഞ വർഷം ഏതാണ്ട് 30,000 കോടി രൂപ എണ്ണക്കമ്പനികൾക്ക് കൊടുത്തു. കൂടാതെ കേന്ദ്ര സർക്കാർ ബോണ്ടായിട്ടോ അല്ലാതെയോ ഡയറക്ട് സബ്സിഡി കൊടുക്കുന്നു. പക്ഷേ ഇത് റിലയൻസിനും ESSAR-നും കിട്ടില്ല. ഒ.എൻ.ജി.സി.യും എണ്ണക്കമ്പനികളും പൊതുമേഖലയായതുകൊണ്ട് ഒരു ഭാഗത്ത് കിട്ടുന്ന നേട്ടം അപ്പുറത്തുകൂടി കൊടുത്ത് സമീകൃതമാക്കുകയാണ് ചെയ്യുന്നത്. ഇത് ആരാണ് മനസ്സിലാക്കേണ്ടത്; ESSAR-ഉം റിലയൻസും ഇന്റർ നാഷണൽ എനർജി കമ്മീഷന് പരാതി കൊടുത്തിട്ടുണ്ട്. ഇത് വിവേചനമാണ്. ഇൻഡ്യാ ഗവൺമെന്റ് ചില്ലറ മേഖലയിൽ സബ്സിഡി കൊടുക്കാതിരിക്കുകയും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സബ്സിഡി കൊടുക്കുകയും ചെയ്യുന്നത് ആഗോള വ്യാപാര കരാറിന്റെ ലംഘനമാണ്.

പരാതി നിലനിൽക്കുന്നു, ചർച്ച നടക്കുന്നു. പക്ഷേ, ഇത് സംബന്ധിച്ച് കേസ് ആയിട്ടില്ല. കരാറിന്റെ ഭാഗമായി ഈ വിവേചനം അവസാനിപ്പിക്കാൻ ഇൻഡ്യാ ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. ഇപ്പോൾ ഡയറക്ട് ക്യാഷ് ട്രാൻസ്ഫറാണ് ചെയ്യുന്നത്. റിലയൻസ്, ESSAR, പൊതുമേഖലാ എണ്ണക്കമ്പനികൾ എന്നിങ്ങനെ ഉപഭോക്താവ് എവിടെനിന്ന് വാങ്ങിയാലും

സബ്സിഡി അവരുടെ അക്കൗണ്ടിൽ എത്തും. അതായത്, ഇതുവരെയും റിലയൻസിനും ESSAR-നും ഇല്ലാതിരുന്ന സബ്സിഡി ഇനിമുതൽ അവർക്കും ലഭിക്കും. പൊതുമേഖലയെ രക്ഷിക്കാനെന്നുപറഞ്ഞ് നടത്തുന്ന ഭീമമായ ഒരു കൊള്ളയാണിത്. നമ്മുടെ എണ്ണവിൽപ്പന മേഖല സ്വകാര്യ വൽക്കരിക്കുന്നതിനുള്ള നീക്കത്തിന്റെ ഭാഗമാണിത്. ആശങ്കയ്ക്കൊന്നും ഒരു സാദ്ധ്യതയുമില്ല, ഒരു പ്രശ്നവുമില്ല, നമുക്കിത് പരിഹരിക്കാമെന്ന് ബഹു മാനപ്പെട്ട മന്ത്രി പറയുന്നു. അങ്ങനെയെങ്കിൽ കേരള സർക്കാർ എടുക്കുന്ന നിലപാടിൽ ഒരു കാര്യം നിങ്ങൾ പറയണം. ഭരണഘടനയ്ക്ക് വിരുദ്ധമായി, പാർലമെന്റിന് നൽകിയ ഉറപ്പിന് വിരുദ്ധമായി ആധാറുമായി ലിങ്ക് ചെയ്ത് സബ്സിഡി നൽകാനുള്ള ഏർപ്പാട് അവസാനിപ്പിക്കണമെന്ന് പറയാൻ നിങ്ങൾ തയ്യാറുണ്ടോ? ആധാർ ലിങ്ക് ചെയ്യുന്നതിന് രണ്ട് മാസത്തെ ഇടവേള വാങ്ങി, അതുകഴിയുമ്പോൾ തനിയാവർത്തനം നടത്താൻ കൂട്ടുനിൽക്കുക യല്ലേ നിങ്ങൾ ചെയ്യുന്നത്? വിലവർദ്ധിപ്പിക്കുമ്പോൾ ആ സബ്സിഡി തുടർച്ച യായി കൂടുതൽ ഉപഭോക്താക്കളുടെ അക്കൗണ്ടിൽ നൽകുമെന്ന് എന്തെ ങ്കിലും ഉറപ്പ് മന്ത്രിക്ക് പറയാൻ സാധിക്കുമോ? ഈ പ്രശ്നത്തിൽ മന്ത്രിക്ക് ആശങ്കയില്ലെങ്കിലും നാട്ടിൽ വലിയ ആശങ്കയാണ്. എല്ലാപേരും ഒരുമിച്ചി രുന്ന് ഒരു മണിക്കൂർ ചർച്ചചെയ്യുന്നതിനുപോലും മന്ത്രി തയ്യാറല്ല. ഇത്രയും പ്രധാനപ്പെട്ട ഒരു കാര്യം ചർച്ചചെയ്യാതെ മറ്റെന്തുകാര്യമാണ് ചർച്ച ചെയ്യാൻ പോകുന്നത്? അതുകൊണ്ട് സമരമല്ലാതെ മറ്റ് മാർഗ്ഗമില്ലായെന്നുള്ള നിലയി ലേയ്ക്ക് വരികയാണ്. കേരളത്തിലെ ജനങ്ങൾ എണ്ണക്കമ്പനികളുടെ ഈ കൊള്ളയ്ക്ക് എതിരായി വലിയ പ്രക്ഷോഭങ്ങളിലേയ്ക്ക് നീങ്ങുകയല്ലാതെ മറ്റൊരു നിർവ്വാഹവുമില്ല എന്നുള്ള സ്ഥിതിയിലെത്തിയിരിക്കുകയാണ്. അതു

കൊണ്ട് ഞാൻ വീണ്ടും അഭ്യർത്ഥിക്കുകയാണ്. സഭ നിർത്തിവച്ച് ഈ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് അങ്ങ് തയ്യാറാകുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞതുപോലെ പെട്രോളിയം കമ്പനികളെ ന്യായീകരിക്കേണ്ട ആവശ്യം എനിക്കില്ല. സംസ്ഥാന സർക്കാരിന്റെ മുന്നിലുള്ളത് ഇവിടുത്തെ സാധാരണക്കാരായ ജനങ്ങളാണ്. അവർക്കുവേണ്ടി ഈ ഗവൺമെന്റ് ശക്തമായ നിലപാടുകൾ എടുക്കുന്നുണ്ട്; അവർക്കുവേണ്ടി ശബ്ദിക്കുന്നുമുണ്ട്. ഈ സബ്സിഡി കമ്പോണന്റിൽനിന്ന് ഒരു വ്യക്തിപോലും പുറത്താകുന്ന സാഹചര്യം ഇന്ന് കേരളത്തിലില്ല, നാളെ ഉണ്ടാവുകയുമില്ല. അക്കാര്യം കേരളത്തിലെ ജനങ്ങൾക്ക് ഉറപ്പുനൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്. .........(ബഹളം)..........

ശ്രീ. രാജു എബ്രഹാം: സർ,

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്. എല്ലാം ഡോ. ടി. എം. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ചു കഴിഞ്ഞു. മന്ത്രി അതിന് മറുപടി പറയുകയാണ്. പ്ലീസ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ വിവിധ കാര്യങ്ങൾ പറഞ്ഞകൂട്ടത്തിൽ സിലിണ്ടറുകളുടെ എണ്ണത്തിന്റെ കാര്യവും പറഞ്ഞു. ഇവിടെ 6 സിലിണ്ടറിൽ കൂടുതൽ ഒരു ഉപഭോക്താവിന് പലപ്പോഴും ലഭിക്കാറില്ല എന്ന നിലയിലുള്ള പരാതികളും ഇവിടെ പറയുകയുണ്ടായി. 9 സിലിണ്ടറുകൾ വരെ ഇന്ന് ഒരു ഉപഭോക്താവിന് ലഭിക്കുന്ന സാഹചര്യമുണ്ട്. ഉപഭോക്താക്കളിൽ 81% പേരും 6 സിലിണ്ടറുകളിൽ താഴെ ഉപയോഗിക്കുന്ന

വരാണ്. ............ (ബഹളം).............. 8 സിലിണ്ടറുകൾ വരെ ഉപയോഗിക്കുന്നത് 13 ശതമാനംപേർ മാത്രമാണ്. 9 സിലിണ്ടറിന് മുകളിൽ വേണ്ടിവരുന്നവർ 0.1 ശതമാനത്തിൽ താഴെയാണ്. ... (ബഹളം)... എങ്കിലും 9 സിലിണ്ടറുകൾ എന്നുള്ളത് വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ആധാർ നടപ്പിലാക്കിയപ്പോൾ ഏറ്റവും കുടുതൽ പ്രയോജനകരമായ സാഹചര്യം ഇവിടെയാണ് വന്നത്. ......(ബഹളം).... എൽ.പി.ജി. ദുരുപയോഗപ്പെടുത്തിയിരുന്ന സാഹചര്യങ്ങൾ ഇന്ന് സംസ്ഥാനത്ത് ഒഴിവായിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗങ്ങൾക്കുതന്നെ അറിയാം, രണ്ട് വർഷം മുമ്പു വരെ ഗാർഹികമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ചുവന്ന നിറത്തിലുള്ള സിലിണ്ടറുകൾ തട്ടുകടകളിലും ഹോട്ടലുകളിലും വാഹനങ്ങളുടെ ഡിക്കികളിലുമൊക്കെ നമുക്ക് കാണാൻ സാധിക്കുമായിരുന്നു. ........(ബഹളം)...... ഇന്ന് അതില്ല. ഗാർഹികാവശ്യത്തിനുള്ള സിലിണ്ടറുകൾ യഥാർത്ഥ ഗുണഭോക്താവിന്റെ കയ്യിൽ കിട്ടുന്ന സാഹചര്യം ഇന്ന് കേരളത്തിലുണ്ട്. അത് കേന്ദ്ര ഗവൺമെന്റ് എടുത്ത ശക്തമായ നിലപാടിന്റെ അടിസ്ഥാനത്തിലാണ്. .....(ബഹളം).....

<u>മി. സ്പീക്കർ:</u> നിങ്ങൾക്ക് മറുപടി പറയുന്നത് കേൾക്കണമെന്നുള്ള നിർബന്ധമില്ലെങ്കിൽ.... ..... (ബഹളം)...

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, എന്തുകൊണ്ടാണ് ഗാർഹിക ആവശ്യത്തിനുള്ള സിലിണ്ടറുകൾ തട്ടുകടകളിലും ഹോട്ടലുകളിലും ചെന്നുകൊണ്ടിരുന്നത്; അത് ദുരുപയോഗപ്പെടുത്തലായിരുന്നു, കരിഞ്ചന്തയിലേയ്ക്ക് പോകുന്നതായിരുന്നു. ഇന്ന് അത്തരത്തിലുള്ള സാഹചര്യങ്ങൾ ഒഴിവാക്കുവാൻ സാധിച്ചു. പക്ഷേ ഞങ്ങൾ ഈ വിഷയത്തിന്റെ ഗൗരവം കുറച്ചുകാണുന്നില്ല.

........ (ബഹളം)..... ഞാൻ ആശങ്കയുടെ കാര്യം പറഞ്ഞതാണ് ഇവർ കാര്യമായി എടുത്തിരിക്കുന്നത്. നിലവിൽ ആശങ്കയ്ക്കുള്ള ഒരു സാഹചര്യം ഇന്ന് കേരളത്തിലില്ല. ഇന്ന് എല്ലാ വ്യക്തികൾക്കും സബ്സിഡി സിലിണ്ടറുകൾ കിട്ടുവാനുള്ള സാഹചര്യം ഗവൺമെന്റ് ഉറപ്പുവരുത്തിയിട്ടുണ്ട്. അത് നാളെയും കിട്ടുമെന്ന് ഉറപ്പുവരുത്തുന്നു. ........(ബഹളം)........... പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിന് എണ്ണക്കമ്പനികൾക്ക് നൽകിയിരിക്കുന്ന അധികാരം ഒഴിവാക്കണമെന്നുള്ളതുതന്നെയാണ് സംസ്ഥാന സർക്കാരിന്റെ വ്യക്തമായ നയമെന്നുപറയുവാൻ കൂടി ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. അതുകൊണ്ടുതന്നെ ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട സാഹചര്യം ഇപ്പോഴില്ല. ...........(ബഹളം)..........

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇന്ന് സാധാരണക്കാരും ഉപയോഗിക്കുന്ന ഒരു വസ്തുവാണ് ഗ്യാസ്. ഇവിടത്തെ ഗ്യാസ് കണക്ഷന്റെ എണ്ണം 77.21 ലക്ഷമാണ്. നമ്മുടെ കുടുംബങ്ങളിലെ വലിയൊരു പങ്കും ഇന്ന് ഗ്യാസ് ഉപയോഗിക്കുന്നുവെന്നുള്ളതിന്റെ സൂചനയാണിത്. അതുകൊണ്ടുതന്നെ ആ രംഗത്തുവരുന്ന ഏത് മാറ്റവും ഇവിടത്തെ സാധാരണക്കാരെയും ബാധിക്കും. ഇവിടെ രണ്ട് പ്രശ്നമാണുള്ളത്. ഒന്ന്, ആധാർ ലിങ്ക്ഡ് സബ്സിഡി. അതിനെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റ് വ്യക്തമായ ഒരു നിലപാടെടുത്തിട്ടുണ്ട്. ഈ സംവിധാനം ഇപ്പോൾ നടപ്പിലാക്കാൻ സാധിക്കില്ല. കാരണം, 90 ശതമാനത്തിലധികം ആളുകൾക്കും ആധാർ നമ്പരായിയെങ്കിലും ബാങ്ക് അക്കൗണ്ടുമായി ആധാർ നമ്പർ ലിങ്ക് ചെയ്തിട്ടുള്ളത് 57% ആളുകൾ മാത്രമാണ്. പെട്രോളിയം കമ്പനിക്കാർ 60% എന്നുപറയുന്നു, ഏതായാലും 40 ശതമാനത്തിലധികം ആളുകൾക്കും ഇന്ന് ബാങ്ക് ലിങ്കേജ്

ആയിട്ടില്ല. അതുകൊണ്ടുതന്നെ ഇതിവിടെ സാദ്ധ്യമല്ലായെന്ന നിലപാടെടുത്തു. ആധാർ ലിങ്ക് ചെയ്യുന്നതിന് രണ്ട് പ്രാവശ്യം എക്സ്റ്റൻഷൻ തന്നു. ഡിസംബർ 31 വരെ എക്സ്റ്റൻഷൻ തന്നിരുന്നു. അത് നീട്ടിത്തരണമെന്നാവശ്യപ്പെട്ട് ഡിസംബർ 31-ാം തീയതി ഞാൻ കേന്ദ്ര പെട്രോളിയം വകുപ്പുമന്ത്രി ശ്രീ. വീരപ്പ മൊയ്‌ലിയുമായി നേരിട്ട് സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് മറ്റ് സ്റ്റേറ്റുകളൊക്കെ സഹകരിക്കുകയാണ് എന്നാണ്. ഇവിടെ ബാങ്ക് ലിങ്കേജ് പൂർത്തിയായിട്ടില്ലാത്തതുകൊണ്ട് സഹകരിക്കാൻ സാധിക്കില്ലെന്നും അതുകൊണ്ട് ഈ സംവിധാനം മാറ്റണമെന്നും ഞാൻ ആവശ്യപ്പെട്ടപ്പോൾ ആലോചിക്കാമെന്ന് അദ്ദേഹം പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട് ജനുവരി 1-ാം തീയതി പല സ്ഥലത്തുനിന്നും ഫോൺ കാളുകൾ കിട്ടിയതിനെത്തുടർന്ന് ഞാൻ വീണ്ടും കേന്ദ്രമന്ത്രിയെ വിളിക്കുകയും നിർബന്ധമായും 6 മാസത്തേയ്ക്ക് ഇത് നിറുത്തിവയ്ക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തപ്പോൾ രണ്ടുമാസത്തേയ്ക്ക് നിർത്തിവയ്ക്കാമെന്ന് അദ്ദേഹം അറിയിക്കുകയും അതനുസരിച്ച് രണ്ടുമാസത്തേയ്ക്ക് ഈ സംവിധാനം നിർത്താനുള്ള ഉത്തരവുകൊടുക്കുകയും ചെയ്തു.

പക്ഷെ ഒരു കൺഫ്യൂഷൻ വന്നു – ഇതിനിടയ്ക്ക് കമ്പ്യൂട്ടറിൽ പുതിയ സിസ്റ്റം എന്റർ ചെയ്തു കഴിഞ്ഞിരുന്നു. പുതിയ സിസ്റ്റം എന്റർ ചെയ്ത സാഹചര്യത്തിൽ വളരെപ്പെട്ടെന്ന് അതിൽ നിന്ന് മാറ്റാൻ സാധിച്ചില്ല. അത് ചെയ്ഞ്ചുചെയ്ത് പഴയ സിസ്റ്റത്തിലേയക്ക് കൊണ്ടുവരാൻ മൂന്നുദിവസമെടുത്തു. അതുകൊണ്ടാണ് 1, 2, 3 തീയതികളിൽ നമ്മുടെ ഡിസ്ട്രിബ്യൂഷനിൽ തകരാറ് സംഭവിച്ചത്. ഒരു കാരണവശാലും ഇതിവിടെ അനുവദിക്കാൻ പാടില്ല എന്ന ഗവൺമെന്റ് നിലപാടിനെത്തുടർന്ന് വന്ന ഒരു കാര്യമാണത്.

അതിന്റെ ഉത്തരവാദിത്വം ഞാൻ ഏറ്റെടുക്കുന്നു. പക്ഷെ ഇവിടെ വ്യാപക മായി പ്രതിഷേധം ഉണ്ടായ സാഹചര്യത്തിൽ........

ഡോ: ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് കേരളത്തിലെ ബാങ്ക് ലിങ്കേജ് പൂർത്തീകരിക്കാൻ ആറുമാ സമെങ്കിലും വേണ്ടിവരും, എന്നാൽ കേന്ദ്രം രണ്ടുമാസം മാത്രമേ അനുവദി ക്കാൻ തയ്യാറായുള്ളൂവെന്നാണ്. ഇതിൽ സർക്കാരിന്റെ നിലപാടെന്താണ്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, സർക്കാരിന്റെ നിലപാട് വളരെ വ്യക്തമാണ്. അന്ന് സ്ഥലത്തുണ്ടായിരുന്ന മന്ത്രിമാരെല്ലാവരും കൂടിയാണ് പ്രധാനമന്ത്രിയു മായി സംസാരിച്ചത്. അപ്പോൾ പ്രധാനമന്ത്രി പറഞ്ഞത് ശ്രീ. വീരപ്പമൊയ്‌ലി എറണാകുളത്തുവരുമ്പോൾ നിങ്ങൾതന്നെ സംസാരിച്ച് തീരുമാനമുണ്ടാ ക്കാനാണ്. എറണാകുളത്തുവച്ച് അവിടെയുണ്ടായിരുന്ന മന്ത്രിമാരെല്ലാവരും കൂടി ശ്രീ. വീരപ്പമൊയ്‌ലിയോടും രണ്ടുമാസത്തെ കാലാവധി പോരായെന്നു പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞത്, ഇതിന്റെ പ്രോഗ്രസ് നോക്കിയതിനു ശേഷം അക്കാര്യം പരിഗണിക്കാം എന്നാണ്. ഒരുകാര്യം നിങ്ങൾ മനസ്സിലാ ക്കണം– കേരളത്തിനുവേണ്ടി മാത്രമാണ് ഈ മാറ്റം വരുത്തിയത്. നിങ്ങൾ വിമർശിച്ചോളു, പ്രതിഷേധിച്ചോളൂ, പക്ഷേ ചില യാഥാർത്ഥ്യങ്ങൾ കൂടി കാണണം. കേരളത്തിന്റെ പ്രശ്നങ്ങൾ ശരിയായി മനസ്സിലാക്കി സംസ്ഥാന ഗവൺമെന്റ് പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് ഇപ്പോൾ രണ്ടുമാസത്തെ സാവകാശംകൂടി ലഭിച്ചത്. ഒരു കാരണവശാലും രണ്ടുമാസത്തെ സമയം കൊണ്ട് ഇത് പരിഹരിക്കാൻ സാധിക്കുമെന്ന് ഈ ഗവൺമെന്റ് കരുതുന്നില്ല എന്നകാര്യം ഞാൻ ഈ സഭയെ അറിയിക്കുകയാണ്. അതുകൊണ്ട് നമുക്ക് എക്സ്റ്റൻഷൻ കിട്ടിയേ മതിയാകൂ.

<u>ഡോ: ടി. എം. തോമസ് ഐസക്</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു ക്ലാരിഫിക്കേഷൻ കൂടി തരണം. സർക്കാരിന്റെ കണക്കുപ്രകാരം 1703 രൂപ ചെലവുവരുന്ന വാണിജ്യാവശ്യത്തിനുള്ള ഗ്യാസിന് 386 രൂപ വർദ്ധിപ്പിച്ച തിനെതിരെ ഹോട്ടലുകാരെല്ലാം സമരം ചെയ്തിട്ടും എന്തുകൊണ്ടാണ് സംസ്ഥാന സർക്കാർ ഒരു നിലപാടെടുക്കാത്തത്?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, വിലവർദ്ധനവ് രണ്ടാമത്തെ പ്രശ്നമാണ്. ഞാൻ അതിലേയ്ക്ക് വരാം. അതുകൊണ്ട് നമ്മെ സംബന്ധിച്ചിടത്തോളം ഇപ്പോൾ എക്സ്റ്റൻഷൻ കിട്ടിയേ മതിയാകൂ. പ്രധാനമന്ത്രിയോടും പെട്രോ ളിയം വകുപ്പുമന്ത്രിയോടും ഇന്നലേയും ഈ കാര്യങ്ങൾ സംസാരിച്ചു. "6 മാസമാണ് സംസ്ഥാനം ആവശ്യപ്പെട്ടിരിക്കുന്നത്, അത് ആ സമയത്ത് പരി ശോധിക്കു"മെന്ന് അദ്ദേഹം ഡൽഹിയിൽ വച്ച് പത്രക്കാരോട് പറയുകയും ചെയ്തു. കേരളത്തിനുമാത്രമാണ് ഈ മാറ്റം വരുത്തിയിരിക്കുന്നതെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം. വിലവർദ്ധനവിന്റെ കാര്യം പറയുകയാ ണെങ്കിൽ, ഇവിടെ 77.21 ലക്ഷം കൺസ്യൂമേഴ്സാണുള്ളത്. അത് ബഹുമാന പ്പെട്ട മന്ത്രി ഇവിടെ പറഞ്ഞുകഴിഞ്ഞു.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ</u>: രണ്ടുമാസം കഴിഞ്ഞ് ഇലക്ഷൻ പ്രഖ്യാ പിക്കുകയില്ലേ; പിന്നീടെങ്ങനെ നീട്ടിവയ്ക്കാൻ സാധിക്കും? ....(ബഹളം)........

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: ഈ ആവശ്യം നേരത്തെതന്നെ ഉന്നയിച്ചിട്ടുള്ളതും പരിശോധിക്കുമെന്ന് കേന്ദ്ര ഗവൺമെന്റ് പറഞ്ഞിട്ടുള്ളതുമാണ്. ഞാൻ ശ്രീ. വി. എസ്. സുനിൽകുമാറിനോട് തിരിച്ചൊന്നു ചോദിക്കുകയാണ്, ഗവൺമെന്റ് ഇലക്ഷൻ പ്രഖ്യാപിച്ചുകഴിഞ്ഞാൽ പഴയ സബ്സിഡി സിസ്റ്റം

ഇൻട്രോഡ്യൂസ് ചെയ്യുന്നതെങ്ങനെയാണ്? അതുകൊണ്ട് ആ ആശങ്കയ്ക്ക് ഒരടിസ്ഥാനവുമില്ല.

ശ്രീ. രാജു എബ്രഹാം: സർ,..

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങിവിടെ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ മുൻനിര നേതാക്കന്മാരൊക്കെ ചോദിച്ചതിന് അങ്ങ് വഴങ്ങി. അംഗങ്ങളോരോരുത്തരും ചോദിക്കുന്നതിന് വഴങ്ങുവാൻ ഇത് ചോദ്യോത്തരസമയമല്ല, അടിയന്തര പ്രമേയത്തിന്റെ ചർച്ചയാണ്. അതിൽ ഇടപെട്ടുകൊണ്ട് മുഖ്യമന്ത്രി സംസാരിക്കുന്നതാണ്. പ്ലീസ്...... അങ്ങ് സംസാരിക്കണം. .........(ബഹളം)...... സംശയങ്ങൾ എനിക്കും ഒരുപാടുണ്ട്. എല്ലാം ഇവിടെ ചോദിക്കാൻ സാധിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഈ വിലവർദ്ധനവ് 9 സിലിണ്ടർവരെ ഉപയോഗിക്കുന്നവരെ ഒരു വിധത്തിലും ബാധിക്കില്ല. 77.21 ലക്ഷം കൺസ്യൂമേഴ്സിൽ 94.7 ശതമാനം ആളുകളും 9 സിലിണ്ടറും അതിനു താഴെയും ഉപയോഗിക്കുന്നവരാണ്. 9 സിലിണ്ടറിനു മുകളിൽ ഉപയോഗിക്കുന്നവർ 5.3 ശതമാനം മാത്രമാണ്. അത് നിങ്ങൾ ഓർക്കണം. കെ.പി.സി.സി. ആവശ്യപ്പെട്ടിരിക്കുന്നത് സബ്സിഡിയുള്ള സിലിണ്ടറുകളുടെ എണ്ണം 12 ആക്കണമെന്നാണ്. കോൺഗ്രസ് മുഖ്യമന്ത്രിമാരുടെ യോഗം കൂടിയപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നതും 12 സിലണ്ടർ ആക്കണമെന്നാണ്. 12 സിലിണ്ടർ ആക്കാമെന്ന് മന്ത്രി പറഞ്ഞിട്ടില്ല. പക്ഷേ 12 സിലിണ്ടർ ആക്കിയാൽ 99.6 ശതമാനം ആളുകളും സബ്സിഡിക്ക് അർഹരാകും. 0.4 ശതമാനം ആൾക്കാർ മാത്രമാണ് 12 സിലിണ്ടറിൽ കുടുതൽ ഉപയോഗിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 9 സിലിണ്ടർ എല്ലാപേർക്കും കിട്ടുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നു. എന്നാൽ ഇപ്പോൾ ഫലത്തിൽ

സംഭവിക്കുന്നത് സിലിണ്ടറിന് അപേക്ഷിച്ചാൽ ചുരുങ്ങിയത് 65 ദിവസമെങ്കിലും കഴിഞ്ഞാലേ കിട്ടുകയുള്ളൂ എന്നതാണ്. അങ്ങനെവരുമ്പോൾ ഒരാൾക്കും ഒരുവർഷം 9 സിലിണ്ടർ കിട്ടാൻ സാധ്യതയില്ല. അതിനെന്തുമാറ്റമാണ് വരുത്താൻ പോകുന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ കാര്യം മറ്റ് രണ്ട് മെമ്പർമാരും പറയുകയുണ്ടായി. അതിനെക്കുറിച്ച് പെട്രോളിയം കമ്പനിയുമായി ഞങ്ങൾ സംസാരിക്കുന്നതാണ്. ശരിയായ ഉപയോഗത്തിനാണെങ്കിൽ 9 സിലിണ്ടർ നമുക്ക് കിട്ടാൻ അർഹതയുണ്ട്. ഇങ്ങനെയൊരു പരാതി ഇവിടെ ഉന്നയിച്ച സാഹചര്യത്തിൽ പെട്രോളിയം കമ്പനിക്കാരെക്കൂടി വിളിച്ച് ഞങ്ങൾ ചർച്ചചെയ്യും, ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം ഗ്യാസ് കിട്ടാനുള്ള സാഹചര്യം ഉറപ്പുവരുത്തും. മറ്റൊരുകാര്യം സബ്സിഡി എലിമെന്റാണ്. സബ്സിഡി എലിമെന്റിലെ തുകയെ സംബന്ധിച്ചുമാത്രമാണ് തർക്കം നിൽക്കുന്നത്. ഈ നാട്ടിലെ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും അവകാശപ്പെട്ടതാണ് സബ്സിഡിയായി കൊടുക്കുന്നത്. അങ്ങനെ സബ്സിഡി കൊടുക്കുന്നത് പാവപ്പെട്ടവർക്കും അർഹിക്കുന്നവർക്കും മാത്രമാകണ്ടേ? നമ്മൾ പ്രതിഷേധിക്കുകയും എതിർക്കുകയുമൊക്കെ ചെയ്യുമ്പോഴും, ഈ നാട്ടിലെ സാധാരണക്കാർക്കുകൂടി അവകാശപ്പെട്ട തുകയെടുത്ത് സബ്സിഡി കൊടുക്കുമ്പോൾ അത് സാധാരണക്കാർക്കും പാവപ്പെട്ടവർക്കും ആയി ലിമിറ്റ് ചെയ്യണമെന്ന അഭിപ്രായമില്ലേ? അതല്ലാതെ വൻകിടക്കാർക്കും സബ്സിഡി കൊടുക്കണോ?

ഡോ: ടി. എം. തോമസ് ഐസക്: പറഞ്ഞുപറഞ്ഞ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗ്യാസ് ബി.പി.എൽ.കാർക്കു മാത്രമായി ചുരുക്കണമെന്ന വാദമാണ് വയ്ക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഞങ്ങൾ ഇവിടെ ഉന്നയിച്ച

വാദം നിങ്ങൾ നഷ്ടമെന്നുപറയുന്നതും കൊടുക്കുന്നുവെന്നു പറയുന്ന ഭീമാകാരമായ സബ്സിഡി തുകയും കള്ളക്കണക്കാണെന്നാണ്. അത് നിങ്ങളുടെ വെറും മനക്കണക്കാണ്. അണ്ടർ റിക്കവറിയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക്, നമ്മളെല്ലാം യാഥാർത്ഥ്യങ്ങളുടെ മുന്നിൽ നിൽക്കേണ്ടവരല്ലേ? എ.പി. എൽ./ബി.പി.എൽ. എന്ന പരിഗണനയില്ലാതെ 94.7 ശതമാനം ആളുകൾക്ക് സബ്സിഡി നിരക്കിൽ സിലിണ്ടർ കൊടുത്തിട്ടാണ് ഞാൻ പറയുന്നത്. ഞാൻ ചോദിക്കുന്നു, 12 സിലിണ്ടറിൽ കൂടുതൽ ഉപയോഗിക്കുന്ന 5.3 ശതമാനം ആളുകളാണോ നിങ്ങൾ പറയുന്ന ബി.പി.എൽ? ചില യാഥാർത്ഥ്യങ്ങൾ നമ്മൾ ഉൾക്കൊള്ളണം. ഈ നാട്ടിലെ പാവപ്പെട്ടവർക്കുകൂടി അവകാശപ്പെട്ട തുകയെടുത്ത് സബ്സിഡി കൊടുക്കുന്നത് പാവപ്പെട്ടവർക്കും സാധാരണക്കാർക്കുമായിട്ടായിരിക്കണം, ഇവിടത്തെ വൻകിടക്കാർക്കായിരിക്കരുത്. അതുകൊണ്ട് ചില നിയന്ത്രണങ്ങൾ വരും.

രണ്ടാമത്, ആധാർ കാർഡ് കൊണ്ടുവരുമ്പോഴും ബാങ്ക് ലിങ്കേജ് വരുമ്പോഴുമുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കണം. ഇക്കാര്യത്തിൽ യാതൊരു സംശയവുമില്ല, ഗവൺമെന്റിന്റെ ശക്തമായ നിലപാട് അതാണ്. പക്ഷെ, ഇതിലെ ചൂഷണം അവസാനിപ്പിക്കണ്ടേ? ആധാർ ലിങ്കേജ് ഏർപ്പെടുത്തിയപ്പോൾ ഇന്ത്യയിൽ 86 ലക്ഷം കൺസ്യൂമേഴ്സ് കുറഞ്ഞു. അത് ആറുകോടി വരെ എത്തുമെന്നാണ് കണക്കാക്കുന്നത്. അങ്ങനെയുള്ള ചൂഷണം അവസാനിപ്പിക്കണ്ടേ; മോഷണം അവസാനിപ്പിക്കണ്ടേ? ജനങ്ങൾക്ക് വരുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് വിട്ടുവീഴ്ചയില്ലാത്ത നില

പാട് സ്വീകരിക്കുമെന്ന് ഉറപ്പുതരികയാണ്. പക്ഷെ, സബ്സിഡി ലഭിക്കുന്നത് വൻകിടക്കാർക്കാകാൻ പാടില്ല. ഇതിൽ ചൂഷണവും മോഷണവുമുണ്ടാകാൻ പാടില്ല. അതേസമയം പ്രായോഗികമായിട്ടുള്ള എല്ലാ കാര്യങ്ങൾക്കും മറുപടി യുണ്ടായേ മതിയാകൂ. അതിനുവേണ്ടി ഗവൺമെന്റ് എല്ലാ നടപടികളും സ്വീ കരിക്കുമെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പുനൽകുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടി സ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കു ന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, അത്യന്തം വേദനയോടെയും അതിലേറെ രോഷത്തോടുംകൂടിയാണ് ഞാനിവിടെ നിൽക്കുന്നത്. ശുദ്ധവായുവും ശുദ്ധജലവും പോലെ ആളുകൾക്ക് ഇന്ന് ഒഴിച്ചുകൂടാനാവാത്തതാണ് പാചക വാതകം. അതിന് ചരിത്രത്തിലില്ലാത്ത തരത്തിൽ വില വർദ്ധിച്ചിരിക്കുകയല്ലേ? 430 രൂപയോളം മാത്രം നൽകിയി രുന്ന സിലിണ്ടറിന് 230 രൂപയിലേറെയാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. ഇത് ആർക്ക് താങ്ങാൻ കഴിയും? അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമെല്ലാം പാചക വാതകം വാങ്ങുന്നവരല്ലേ; ഇത് നിങ്ങൾക്കുപോലും താങ്ങാനാവുന്ന താണോ; പിന്നെ എങ്ങനെയാണ് ഇത് സാധാരണക്കാരന് താങ്ങാനാവുന്നത്? സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങളുടെ വായിൽ മണ്ണുവാരിയിടു കയല്ലേ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ചെയ്യുന്നത്? ഇടിവെട്ടിയവനെ പാമ്പുകടിച്ചുവെന്ന് പറയുന്നതുപോലെയല്ലേ ആധാർ കാർഡ് നിർബന്ധ മാക്കിയതിനുപുറമേ പാചക വാതക വിലയും കുത്തനെ കൂട്ടിയത്? ആധാർ കാർഡ് നിർബന്ധമാക്കരുതെന്ന സുപ്രീം കോടതിയുടെ ഉത്തരവിനെപ്പോലും കാറ്റിൽപ്പറത്തുകയല്ലേ ഇന്നുണ്ടായിരിക്കുന്നത്? പെട്രോളിയം കമ്പനികളുടെ

ഈ ധാർഷ്ട്യത്തിനുമുമ്പിൽ ഡോ. മൻമോഹൻ സിംഗും കേന്ദ്ര ഭരണവും നമ്മുടെ മുഖ്യമന്ത്രിയുമെല്ലാം പഞ്ചപുച്ഛമടക്കി നിൽക്കുകയാണ്. ജനങ്ങളെ കൊള്ളയടിക്കാൻ ഈ പെട്രോളിയം കമ്പനികൾക്ക് കൂട്ടുനിൽക്കുകയല്ലേ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചെയ്യുന്നത്? രാജ്യത്തെ പകുതിയിലേറെ പ്പേർക്കും ആധാർ കാർഡ് ലഭിച്ചിട്ടില്ല. ഒരു സിലിണ്ടറിന് 1200 രൂപയിലേറെ വില നൽകേണ്ടി വരുന്ന സ്ഥിതിയാണുള്ളത്. ഈ സഭയിലുള്ളവരിൽ എത്ര പേർക്ക് ഇത്ര കനത്ത വില നൽകി പാചക വാതകം വാങ്ങാനാകും? ബഹു മാനപ്പെട്ട മുഖ്യമന്ത്രി ഇതിന് മറുപടി പറയണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുന്നത് കേന്ദ്ര ഗവൺമെന്റിനെയും ഈ കമ്പനികളെയും ന്യായീ കരിച്ചുകൊണ്ടാണ്. സുപ്രീം കോടതിയുടെ വിധിപോലും പുച്ഛിച്ചുതള്ളുന്ന തരത്തിലാണ് വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും ഇത് സംബന്ധിച്ചുള്ള ന്യായീകരണം. വിലക്കയറ്റം മൂലമുള്ള സാധാരണക്കാരന്റെ വിഷമകരമായ സ്ഥിതിയും തകർച്ചയും കഷ്ടപ്പാടും ദുരിതവുമൊന്നുംതന്നെ കാണാൻ കൂട്ടാക്കാതെ, ഇന്ത്യയിലെ ഏറ്റവും ഉന്നത നീതീപീഠമായ സുപ്രീം കോടതിയുടെപോലും ആജ്ഞയെ നിഷേധിക്കുവാനുള്ള ധൈര്യവും ധാർഷ്ട്യവുമാണ് ഈ കമ്പനികൾ കാണിച്ചുകൊണ്ടിരിക്കുന്നത്. അവർക്ക് കീഴടങ്ങുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതെല്ലാം സംബന്ധിച്ച വിശദമായ കാര്യങ്ങൾ അടിയന്തര പ്രമേയം അവതരി പ്പിച്ചുകൊണ്ട് ഡോ. ടി. എം. തോമസ് ഐസക് ഇവിടെ വിശദീകരിച്ചുകഴി ഞ്ഞതിനാൽ കൂടുതൽ വിശദാംശങ്ങളിലേക്കൊന്നും ഞാൻ പോകുന്നില്ല. ജനങ്ങളുടെ വായിൽ മണ്ണിടുന്ന തരത്തിലുള്ള വകുപ്പുമന്ത്രിയുടെയും മുഖ്യ മന്ത്രിയുടെയും ന്യായീകരണം ഒരു തരത്തിലും കേരളത്തിലെ ജനങ്ങൾക്ക് അംഗീകരിക്കാൻ കഴിയുന്നതല്ല. ഇതിനെതിരെ നിരന്തര സമരമല്ലാതെ മറ്റ്

യാതൊരു വഴിയുമില്ല. സരിതയുടെ പ്രശ്നംപോലെ ഇത് കൈകാര്യം ചെയ്ത് രക്ഷപ്പെടാമെന്ന് കരുതരുതെന്ന് ഞാൻ മുഖ്യമന്ത്രിയെയും വകുപ്പു മന്ത്രിയെയും അറിയിക്കുകയാണ്. ഈ ഗവൺമെന്റിന്റെ തെറ്റായ നയസമീപ നത്തിനെതിരെ ഈ സഭയുടെ പ്രതിഷേധം ശക്തമായി പ്രകടിപ്പിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയിലെ അംഗങ്ങളും വാക്കൗട്ട് ചെയ്യുകയാണ്.

(ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. സി. ദിവാകരൻ: സർ, എത്ര സിലിണ്ടർ കിട്ടുന്നു, എപ്പോൾ കിട്ടുന്നു എന്നുള്ളതല്ല, സിലിണ്ടറിന് താങ്ങാനാവാത്ത വിലവർദ്ധനവ് ഉണ്ടാ യിട്ടുണ്ട് എന്നുള്ളതാണ് അതീവ ഗുരുതരമായ പ്രശ്നം. സിലിണ്ടറിന്റെ വില വർദ്ധിപ്പിച്ചതിനെതിരെ കേരളത്തിലെ ജനങ്ങളുടെ വികാരം പ്രകടിപ്പിച്ചു കൊണ്ട്, ആധാർ ലിങ്ക് ചെയ്യുന്ന ഏർപ്പാട് അവസാനിപ്പിക്കണമെന്ന് കേരള നിയമസഭ ഏകകണ്ഠമായി കേന്ദ്രത്തോട് ആവശ്യപ്പെടണം. ആധാർ അടി ച്ചേൽപ്പിക്കുന്നത് ഭരണഘടനാ വിരുദ്ധമാണ്. അതുകൊണ്ടാണ് സുപ്രീം കോടതി അക്കാര്യത്തിൽ ഇടപെട്ടത്. സുപ്രീം കോടതിയുടെ ഡയറ ക്ഷൻപോലും മാനിക്കാത്ത കേന്ദ്ര ഗവൺമെന്റിനോട് സുപ്രീം കോടതി വിധി നടപ്പിലാക്കി കേരളത്തെ ആധാർ ലിങ്ക്ഡ് സബ്സിഡിയിൽ നിന്ന് ഒഴിവാക്ക ണമെന്ന് കേരള നിയമസഭ ആവശ്യപ്പെടണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷത്തായിരുന്നപ്പോൾ പാചകവാതകത്തിനെക്കുറിച്ച് ഇതുപോലെ യൊരു ചർച്ചയൊന്നും ഉണ്ടായിട്ടില്ല. ആധാർ കാർഡില്ലാതെതന്നെ ഇവിടെ കഴിഞ്ഞ കാലങ്ങളിൽ എല്ലാവർക്കും സബ്സിഡി കിട്ടിക്കൊണ്ടിരുന്നു. അന്ന് ആധാർ കാർഡില്ലായിരുന്നു. എന്തിനാണ് ഈ പരിഷ്ക്കാരം; ഇത് തുഗ്ല ക്കിന്റെ പരിഷ്ക്കാരമല്ലേ? സബ്സിഡി ലഭിക്കണമെങ്കിൽ ഒരു കൺസ്യൂമർ

എവിടെയെല്ലാം പോകണം? ബാങ്കിൽ പോകണം, ഗ്യാസ് ഏജൻസിയിൽ പോകണം, കിട്ടിയില്ലെങ്കിൽ പരാതി പറയാൻ അധികാരികളുടെയടുത്ത് പോകണം. ജനസമ്പർക്ക പരിപാടി നടത്തിയപ്പോൾ ഈ വിഷയം അങ്ങയുടെ മുന്നിൽ ആരും അവതരിപ്പിച്ചില്ലേ? ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയും വകുപ്പുമന്ത്രിയും ഇവിടെ പറഞ്ഞത് വസ്തുതാ വിരുദ്ധമായ കാര്യമാണ്. കേരളത്തിൽ പാചക വാതകം കിട്ടുന്നില്ല, പല ഉപാധികളാണ് വച്ചിരിക്കുന്നത്. ഗ്യാസ് ഏജൻസികൾ തിരിമറി നടത്തുന്നുണ്ട്. മൂന്ന് പെട്രോളിയം കമ്പനികളും ആധാർ കാർഡ് നടപ്പിലാക്കുന്ന കമ്പനികളുമായി ചേർന്ന് ഗൂഢാലോചന നടത്തി കൺസ്യൂമേഴ്സിനെ കൊള്ളയടിക്കുകയാണ്. ഇവിടെ പറഞ്ഞ കണക്കുകളെല്ലാം തെറ്റാണ്. അങ്ങയുടെ കയ്യിൽ ആരോ എഴുതിത്തന്ന കണക്കുകളിലൊന്നിനും വസ്തുതയുമായി യാതൊരു ബന്ധ വുമില്ല. എന്റെയും നിങ്ങളുടെയുമെല്ലാം വീടുകളിൽ ഗ്യാസ് കിട്ടുന്നുണ്ടോ? 20 ദിവസം കഴിഞ്ഞാൽ അടുത്ത ഗ്യാസ് കിട്ടുന്നുണ്ടോ; 30-40 ദിവസം കഴി ഞ്ഞാൽ പോലും കിട്ടുന്നുണ്ടോ?

സത്യം അതല്ലേ; പണ്ട് നിങ്ങൾ പറഞ്ഞല്ലോ വീട്ടിൽ പോയി ചോദി ക്കാൻ. നിങ്ങളുടെ വീട്ടിലെ പെണ്ണുങ്ങളോട് ചോദിച്ചുനോക്കൂ. പാചക വാതകം കിട്ടുന്നുണ്ടോ. ഗ്യാസ് ഏജൻസി പാചക വാതകം തരുന്നുണ്ടോ? എവിടെയെല്ലാം കാശ് കൊടുക്കണം. സബ്സിഡിയില്ല, സബ്സിഡിക്ക് ആധാർ കാർഡ് വേണം. ഗ്യാസ് സിലണ്ടർ സപ്ലൈ ചെയ്യുന്നവർക്ക് കാശ് കൊടുക്കണം. കാശ് അഡ്വാൻസ് ചെയ്യണം. ശതകോടിക്കണക്കിന് രൂപ പലി ശയില്ലാതെ ഗവൺമെന്റ് കയ്യിലിട്ട് കളിക്കുകയാണ്. കൺസ്യൂമേഴ്സിനെ ഇതുപോലെ നഗ്നമായി ലൂട്ട് ചെയ്യുന്ന ഒരു സമ്പ്രദായത്തെ എതിർക്കണം. ശ്രീ. വീരപ്പമൊയ്‌ലി അങ്ങയുടെ സാന്നിദ്ധ്യത്തിൽ ആറ് സിലണ്ടറല്ലാതെ

ഒൻപതാക്കുന്ന പ്രശ്നമേയില്ലെന്ന് പറഞ്ഞു. വിലക്കയറ്റത്തെ സംബന്ധിച്ച് യാതൊരു നിയന്ത്രണവുമില്ലെന്ന് പറഞ്ഞു. അങ്ങ് അവിടെ ഒരു പ്രസംഗം നടത്തി ഞാൻ അത് കേട്ടു. നല്ല പ്രസംഗമായിരുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഒൻപത് ഗ്യാസ് സിലണ്ടർ ഇപ്പോഴു ണ്ട്. അത് പന്ത്രണ്ടാക്കുകയില്ലെന്നാണ് പറഞ്ഞത്.

ശ്രീ. സി. ദിവാകരൻ: ഒൻപത് എന്നത് ഇപ്പോൾ കിട്ടുന്നില്ല. ആറെണ്ണമാ യാലും മതി സാർ. ആറും കിട്ടുന്നില്ല ഇപ്പോൾ. ഒരു സിലണ്ടർ കിട്ടാൻ മൂന്ന് മാസം കഴിയും. വേറൊരു പ്രസംഗം നടത്തിയപ്പോൾ അങ്ങ് ആവശ്യപ്പെട്ടു, പെട്രോളിയം കമ്പനികൾ വില നിശ്ചയിക്കുന്നത് അവസാനിപ്പിക്കണമെന്ന്. അതിന് ശ്രീ. മൊയ്‌ലി മറുപടി പറഞ്ഞത്, സാദ്ധ്യമല്ലെന്നാണ്. അങ്ങയെ പ്പോലെ ഇന്ത്യയിൽ അവസാനമിരിക്കുന്ന ഒരു മുഖ്യമന്ത്രി, അങ്ങ് പറഞ്ഞിട്ടു പോലും ശ്രീ. വീരപ്പ മൊയ്‌ലിയുടെ മറുപടി ഇതാണെങ്കിൽ...... ഡൽഹിയിൽ ശ്രീമതി ഷീലാ ദീക്ഷിത് തോറ്റതെന്തുകൊണ്ടാണെന്ന് ഇപ്പോൾ മനസ്സിലായ ല്ലോ. കാര്യങ്ങൾ മനസ്സിലായല്ലോ. ബഹുമാനപ്പെട്ട പ്രധാനമന്ത്രി പറഞ്ഞല്ലോ വിലക്കയറ്റവും, പചകവാതക പ്രശ്നങ്ങളും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കി യെന്ന്. ഈ നിയമസഭ ഒരു പ്രമേയം പാസ്സാക്കി അയയ്ക്കാം. നിയമസഭ യുടെ ഉത്കണ്ഠ കേന്ദ്രത്തെ അറിയിക്കുന്നതിനുള്ള നട്ടെല്ലും തന്റേടവും ഈ രാജ്യത്തെ ജനങ്ങളോടുണ്ടെങ്കിൽ ഈ സഭ ഇപ്പോൾ ആ പ്രതിഷേധം കേന്ദ്രത്തെ അറിയിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. അങ്ങ് ഇതു പോലെയുള്ള വളരെ സജീവമായ പ്രശ്നം എൽ.ഡി.എഫ്.-യു.ഡി.എഫ് വ്യത്യാസമില്ലാതെ സഭ നിർത്തി വച്ച് ഒരു മണിക്കൂർ ചർച്ച ചെയ്യാൻ എന്തു കൊണ്ട് വിസ്സമ്മതം പ്രകടിപ്പിക്കുന്നു. അങ്ങയുടെ മാനസികാവസ്ഥ എന്താണ്? നിങ്ങൾക്ക് പറയാനുള്ളത് നിങ്ങളും ഞങ്ങൾക്ക് പറയാനുള്ളത്

ഞങ്ങളും പറഞ്ഞ് ഏകകണ്ഠമായൊരു തീരുമാനത്തിലെത്താം. എന്തു കൊണ്ട് സഭ നിറുത്തിവച്ച് ചർച്ച ചെയ്യുന്നില്ല. ജനങ്ങളെ വെല്ലുവിളിക്കുകയാണ്. പാവപ്പെട്ടവരെ വെല്ലുവിളിക്കുകയാണ്. അവരുടെ വികാരമാണ്. ചർച്ച ചെയ്താലെങ്കിലും ഫലമുണ്ടകുമെങ്കിൽ കേന്ദ്രത്തിന് അത് ശ്രദ്ധിക്കാൻ കഴിയും. നിങ്ങൾ സ്വകാര്യമായി കൊൽക്കത്തയിലോ ഡൽഹിയിലോ പോയി കാര്യങ്ങൾ പറഞ്ഞിട്ട് കാര്യമില്ല. കെ. പി. സി. സി. പന്ത്രണ്ട് ഗ്യാസ് സിലണ്ടർ വേണമെന്ന് ആവശ്യപ്പെട്ടത് തമാശയായിട്ടാണോ. കെ.പി.സി. സി.-ക്ക് ഇപ്പോൾ വല്ല വിലയുമുണ്ടോ? നിങ്ങൾ ഭരിച്ചിട്ട് വല്ല വിലയുമുണ്ടോ, ഞങ്ങൾ പാസ്സാക്കിയതല്ല. നിങ്ങൾ പാസ്സാക്കി പേപ്പറിൽ കൊടുത്തിട്ട് അത് മടക്കിവച്ച് ഇവിടെവന്ന് ഇരിക്കുകയാണ്. ശ്രീ. വീരപ്പ മൊയ്‌ലി നിങ്ങളുടെ പാർട്ടിയല്ലേ; മന്ത്രിസഭയ്ക്ക് രൂപം കൊടുക്കുന്ന രാഷ്ട്രീയ പാർട്ടി, നയ രൂപീകരണ പാർട്ടി, കെ.പി.സി. സി. ഗൗരവമായിട്ടാണോ പാസ്സാക്കിയിത്. ആളുകളുടെ കണ്ണിൽ മണ്ണിടാനല്ലേ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യാൻ സന്നദ്ധത കാണിക്കാത്തത് വളരെ നിർഭാഗ്യകരമാണ്, ശക്തമായ പ്രതിഷേധമുണ്ട്. ആ പ്രതിഷേധം രേഖപ്പെടുത്തി ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്ത്പോയി)

ശ്രീ. മാത്യു. റ്റി. തോമസ്: സർ, നിയമസഭയിൽ പ്രതിപക്ഷം അടിയന്തര പ്രമേയങ്ങൾ അവതരിപ്പിക്കുമ്പോൾ സാധാരണ ഭരണകക്ഷി അംഗങ്ങളും മന്ത്രിമാരും ചോദിക്കുന്നൊരു ചോദ്യം ഈ പ്രശ്നംകൊണ്ട് ഖജനാവിന് എന്ത് നഷ്ടമുണ്ട് എന്നാണ്, കഴിഞ്ഞ നിയമസഭാ സമ്മേളനങ്ങളിലൊക്കെ

കേട്ടതാണ്. ഈ വിഷയത്തിൽ അങ്ങനെയൊരു ചോദ്യമുണ്ടായില്ല എന്നതു തന്നെ വലിയൊരു ആശ്വാസം. ജനജീവിതവുമായി ബന്ധപ്പെട്ടു നിൽക്കുന്ന ഗൗരവമുള്ളൊരു പ്രശ്നമായി സർക്കാർ ഇതിനെ കാണുന്നുണ്ടോ എന്നുള്ള താണ് ഞങ്ങൾക്ക് ഇവിടെ ഉന്നയിക്കാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉന്നയിച്ചതുപോലെ പ്രശ്നം വളരെ ലളിതമല്ല. രണ്ടുമാസമാണോ ആറുമാസ മാണോ ആധാർ നടപ്പിലാക്കാനുള്ള കാലാവധിയെന്നതല്ല ഇവിടെ പ്രശ്നം. ആറുമാസമെന്നതിൽ ഒരു കൗശലമുണ്ട്. പാർലമെന്റ് തെരഞ്ഞെടുപ്പിനുമുമ്പ് വേണ്ട പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞ് ആയിക്കോളൂ എന്നതാകാം അതിന് പിന്നിലുള്ള കൗശലം. ആധാർ കാർഡിന്റെ ആധികാരികത എന്താണ്? പാർലമെന്റിന്റെ ഏതെങ്കിലും നിയമപരമായ സാധുത ഈ കാർഡി നുണ്ടോ? ഈ കാർഡ് എല്ലാപേർക്കും കിട്ടിയിട്ടുണ്ടോ? അങ്ങ് നിയമസഭാ കോംപ്ലക്സിൽ ആധാർ എടുക്കുന്നതിനായി എം.എൽ.എ മാർക്കുമാത്രമായി പ്രത്യേക സംവിധാനമൊരുക്കി. ഞാനും ശ്രീ. സി. ദിവാകരനും ശ്രീ. എ.എ അസീസും ഒരുമിച്ചുപോയാണ് ആധാർ എടുത്തത്. ആറുമാസമായിട്ടും ആധാർ കാർഡ് കിട്ടിയിട്ടില്ല. ഞങ്ങൾ അക്ഷയ കേന്ദ്രത്തിൽ പോയി ഡ്യൂപ്ലി ക്കേറ്റ് കാർഡാണ് വാങ്ങിയത്. കേരളത്തിലെന്നല്ല ഒരിടത്തുപോലും ആധാർകാർഡ് കിട്ടുന്നൊരു സംവിധാനമില്ല. ഇതിന് നിയമപരമായ സാധുത യില്ല. ഇന്ത്യയിലെ പരമോന്നത നീതിപീഠം പോലും സബ്സിഡികളെ ആധാർ കാർഡുമായി ലിങ്ക് ചെയ്യരുത്, അങ്ങനെ ചെയ്യാൻ പാടില്ല എന്ന് കർശനമായ ഉത്തരവ് പുറപ്പെടുവിച്ചശേഷവും കേന്ദ്രഗവൺമെന്റ് നിയമ സാധുതയി ല്ലാത്ത, ബഹുമാനപ്പെട്ട സുപ്രീം കോടതി എതിർക്കുന്ന ഈ പദ്ധതിയുമായി എന്തിന് മുന്നോട്ടുപോകുന്നു? ജനങ്ങളുടെ പക്ഷത്ത് നിൽക്കേണ്ടത് ജനകീയ സർക്കാരാണോ? കോടതിയാണോ? കോടതിപോലും പറഞ്ഞിട്ട് ജനങ്ങളുടെ

പക്ഷത്തുനിൽക്കാൻ നിസ്സംഗത കാണിക്കുന്ന അമാന്ദം കാണിക്കുന്ന കേന്ദ്രഗവൺമെന്റ് നടപടിയെ എന്തിന് ഈ സംസ്ഥാന ഗവൺമെന്റ് ന്യായീക രിക്കുന്നു. ഇതിൽ ഒളിഞ്ഞുകിടക്കുന്ന ഒരു അജൻഡയുണ്ട്. മുഴുവൻ വിലയും കൊടുത്ത് ഗ്യാസ് വാങ്ങുന്ന ഒരു മാനസികാവസ്ഥയിലേക്ക് കേരള ത്തിലെ ജനങ്ങളെ കൊണ്ടെത്തിക്കുകയാണ്. സബ്സിഡി നിങ്ങൾക്ക് അക്കൗണ്ടിലെത്തും. സബ്സിഡിയിൽ ആദ്യം എത്തിയത് 435 രൂപയാണ്. അത് അഡ്വാൻസാണെന്ന് പറഞ്ഞു. പിന്നീട് 525 രൂപ എത്തി. സബ്സിഡിയി ല്ലാതെ മുഴുവൻ തുകയും കൊടുത്ത് ഗ്യാസ് വാങ്ങുന്ന ഒരു മാനസിക അവസ്ഥയിലേക്ക് ജനങ്ങളെ കൊണ്ടെത്തിക്കുകയാണ്. ഘട്ടംഘട്ടമായി സബ്സിഡി കുറയും. ബാങ്കിലെത്തുന്ന തുക കുറഞ്ഞ് കുറഞ്ഞ് ഇല്ലാതാകു മ്പോൾ സബ്സിഡിയില്ലാത്ത സംവിധാനമെന്ന ശ്രീ. മൻമോഹൻ സിംഗിന്റെ പരിപാടി വളരെ സൂത്രത്തിൽ ഇവിടെ നടപ്പാക്കപ്പെടുകയാണ്. ബഹുമാന പ്പെട്ട സുപ്രീംകോടതി പറഞ്ഞിട്ടും ഈ ജനവിരുദ്ധ നടപടികളുമായി മുന്നോട്ടുപോയികൊണ്ടിരിക്കുമ്പോഴാണ് ഒറ്റയടിക്ക് വലിയ വർദ്ധനവ് സിലണ്ടറിന് വരുത്തിവച്ചിരിക്കുന്നത്. ഇത് ജനജീവിതത്തെ ബാധിക്കും. ഹോട്ടലുകൾ കഴിഞ്ഞ ദിവസം അടഞ്ഞുകിടന്നു. എത്രയോ ആളുകൾ ഹോട്ട ലുകളെ ആശ്രയിച്ചാണ് ഭക്ഷണം കഴിക്കുന്നത്. വീടുകളിലെ അടുക്കള അട ച്ചിടാൻ ഇനി അധികസമയം വേണ്ടി വരില്ല. ഒരു ബദൽ ഇന്ധനം വീടുക ളിലെ അടുക്കളയിലേക്ക് ലഭ്യമാകുന്നില്ല. വിറകില്ല. വിറക് കിട്ടിയാൽത്തന്നെ വിറകടുപ്പുകൾ പല ഭവനങ്ങളിലുമില്ല. അതുകൊണ്ട് വളരെ രൂക്ഷമായ പ്രതിസന്ധിയാണ് വിലവർദ്ധനവ്മൂലവും ആധാർ നിർബന്ധമാക്കുന്നതു മൂലവും ഈ രാജ്യത്തിനും ഈ സംസ്ഥാനത്തിനും ഉണ്ടായിരിക്കുന്നത്.

കാലാവധി രണ്ടുമാസമല്ല ആറുമാസമാക്കണമെന്നതാകരുത് ഗവൺമെന്റ് നിലപാട്. ഗവൺമെന്റ് ആർജ്ജവത്തോടുകൂടി ആധാർ കാർഡ് നിർബന്ധമാക്കണമെന്ന നടപടി പിൻവലിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോ എന്നതാണ് പ്രശ്നം.അതാണ് ജനങ്ങളുടെ ആവശ്യം. വിലവർദ്ധനവ് പിൻവലിക്കുകയും ആധാർ കാർഡ് നിർബന്ധമാക്കുന്ന പദ്ധതി ഉപേക്ഷിക്കുകയും ചെയ്യണമെന്ന ജനങ്ങളുടെ ആവശ്യം പ്രതിഫലിപ്പിക്കുവാൻ ഈ നിയമസഭയിൽ ഒരു അടിയന്തരപ്രമേയ ചർച്ചയ്ക്ക് പോലും തയ്യാറാകാത്ത സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു. റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി)

ശ്രീ. എ. എ. അസീസ്: സർ, അടിയന്തര പ്രമേയത്തിന് ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി പറഞ്ഞത് വളരെ ലാഘവത്തോടുകൂടിയാണ്. വീട്ടമ്മമാരെയും കുടുംബങ്ങളെയും ബാധിച്ചിട്ടുള്ള ഒരു അതീവഗുരുതരപ്രശ്നമാണ് ഇത്. യഥാർത്ഥത്തിൽ കുടുംബ ബഡ്ജറ്റ്തന്നെ അവതാളത്തിലായിരിക്കുകയാണ്. കേരളത്തിലെ മുഖ്യമന്ത്രി പല വാഗ്ദാനങ്ങളും പ്രഖ്യാപിച്ചു. മുഖ്യമന്ത്രി നൽകുന്ന വാഗ്ദാനങ്ങളൊന്നും നടപ്പാകുന്നില്ല. നടപ്പാകാതെയിരിക്കുന്നതിന് കാരണം അതിന് കടകവിരുദ്ധമായിട്ടാണ് ശ്രീ. വീരപ്പ മൊയ്‌ലി പറയുന്നത്. ആധാർ വേണം, വില വർദ്ധിപ്പിക്കും, അദ്ദേഹം കാലദൈർഘ്യം പ്രഖ്യാപിക്കുന്നു. പല പ്രാവശ്യം മുഖ്യമന്ത്രി പറയുന്നതിന് കടകവിരുദ്ധമായ കാര്യങ്ങളാണ് കേന്ദ്ര പെട്രോളിയം വകുപ്പുമന്ത്രിയുടെ പ്രസ്താവനയിൽ

നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്. അതിനാൽ ആധാർ കാലാവധി രണ്ട് മാസം നീട്ടുമെന്നൊക്കെ പറയുന്നത് എത്രമാത്രം വിശ്വാസയോഗ്യമാണിവിടെ. വിശ്വസിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. കേന്ദ്ര പെട്രോളിയം വകുപ്പുമന്ത്രി പറഞ്ഞ സ്ഥലത്തുതന്നെ നിൽക്കുകയാണ്. ഇവിടത്തെ മന്ത്രിമാരെല്ലാവരും കൂടി പ്രധാനമന്ത്രിയെ കാണാൻ പോയി. എല്ലാ മന്ത്രിമാരുമായും പ്രധാനമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ക്യാബിനറ്റ് കൂടിയെന്നാണ് പറയുന്നത്. അങ്ങനെ ക്യാബിനറ്റ് കൂടിയിട്ടുണ്ടെങ്കിൽ അത് ഭരണഘടനാവിരുദ്ധമാണ്. ആധാർ കാർഡിനെ സംബന്ധിച്ചും വില വർദ്ധനവിനെ സംബന്ധിച്ചും പറയാൻ വേണ്ടിയാണ് പോയിരുന്നതെന്നാണ് മനസ്സിലാക്കുന്നത്. അങ്ങനെയെല്ലാവരുംകൂടിപോയി പ്രധാനമന്ത്രിയെകണ്ട് നിവേദനം കൊടുത്തിട്ടും പ്രധാനമന്ത്രി പറഞ്ഞ മറുപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതാണ്, പെട്രോളിയം വകുപ്പുമന്ത്രി എറണാകുളത്ത് വരുന്നുണ്ട് അദ്ദേഹത്തെപ്പോയി കാല് തിരുമാനാണ്. അദ്ദേഹത്തെ കണ്ടപ്പോൾ പറഞ്ഞത് രണ്ട് മാസമെന്ന് ഇപ്പോൾ തീരുമാനിച്ചിട്ടുണ്ടല്ലോ. രണ്ട് മാസം കഴിഞ്ഞ് ആലോചിക്കാമെന്നാണ്. മുഖ്യമന്ത്രി പറഞ്ഞ മറ്റൊരു കാര്യം മറ്റു സംസ്ഥാനങ്ങളെല്ലാം അംഗീകരിച്ചു എന്നാണ്. മറ്റു സംസ്ഥാനങ്ങളെപ്പോലെയല്ല കേരളം. കേരളത്തിൽ 97 ശതമാനം ആളുകൾ സബ്സിഡി ലിങ്ക് ചെയ്തവരാണ്. മറ്റു സംസ്ഥാനങ്ങളിൽ അങ്ങനെയില്ല. അവിടുത്തെ ഒരു സർവ്വേ റിപ്പോർട്ട് എടുക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും മനസ്സിലാക്കണം. വടക്കേഇന്ത്യൻ സംസ്ഥാനങ്ങളിൽ സിലണ്ടറുമായി ബന്ധപ്പെട്ട് എത്ര ആളുകളുണ്ട്, കേരളത്തിൽ എത്ര ആളുകളുണ്ട് എന്ന് പരിശോധിക്കണം. കേരളീയരുടെ സംസ്കാര സമ്പന്നതയുടേയും ജീവിത രീതികളിൽ

വന്ന മാറ്റത്തിന്റെയും അടിസ്ഥാനത്തിൽ ഇവിടെ വിറക് ഉപയോഗിക്കുന്നവർ 2–3 ശതമാനമേയുള്ളൂ. ബാക്കിയുള്ളവരെല്ലാവരും ഫ്ളാറ്റിൽ താമസിക്കുന്ന വർവരെ ഗ്യാസ് സിലണ്ടറാണ് ഉപയോഗിക്കുന്നത്. ഫ്ളാറ്റുകളിൽ താമസിക്കു ന്നവർ ഗ്യാസ് ഉപയോഗിക്കാൻ പാടില്ലെന്നുണ്ട്. പക്ഷെ സുനാമി ഫ്ളാറ്റിലും കൊടുക്കുന്നത് ഗ്യാസ് സിലണ്ടറാണ്. അങ്ങനെയുള്ള സംസ്ഥാനത്ത് ഗുരുത രമായ ഈ പ്രശ്നത്തിന് പരിഹാരം കാണാനുള്ള നടപടികളാണ് സ്വീകരി ക്കേണ്ടത്. ഈ വിലവർദ്ധനവ് വളരെ ക്രിത്രിമമാണ്. ഈ വില വർദ്ധനവ് പിൻവലിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകാത്ത സാഹചര്യമാണുള്ളത്. കേന്ദ്രഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റിനും ഡൽഹിൽ നടന്ന തെര ഞ്ഞെടുപ്പിൽ വലിയ പരാജയം സംഭവിച്ചു. ആധാർ കാർഡ് നിർബന്ധമാക്കു കയും പാചകവാതക പ്രശ്നത്തിന് പരിഹാരം കാണാതിരിക്കുകയും ചെയ്താൽ നമ്മുടെ വീട്ടമ്മമാരും ചൂലെടുക്കുമെന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും മനസ്സിലാക്കണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഈ പ്രശ്നം ചർച്ച ചെയ്യാൻ കൂട്ടാക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ.എ. അസീസും അദ്ദേ ഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി)

ശ്രീ. തോമസ് ചാണ്ടി: സർ, ഇന്ദിരാഗാന്ധിയുടെ കാലത്ത് ഇന്ത്യയിൽ ഒരു റഗുലേറ്ററി സിസ്റ്റമുണ്ടായിരുന്നു. ഇപ്പോൾ ലോക മാർക്കറ്റിൽ എണ്ണവില ഉയരുകയും താഴുകയും ചെയ്യുന്നതിനനുസരിച്ച് ജനങ്ങൾ വില കൊടു ക്കേണ്ട അവസ്ഥയുള്ളൊരു രാജ്യം ഈ ലോകത്തിൽ ഒരു ഭൂഖണ്ഡത്തിലും ഇപ്പോഴുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. റഗുലേറ്ററി സിസ്റ്റം

എടുത്തുകളഞ്ഞ് എണ്ണക്കമ്പനികളെ കയറൂരി വിട്ടതിന്റെ അനന്തരഫലമാണ് നിങ്ങളിപ്പോൾ ഡൽഹിയിൽ അനുഭവിച്ചത്. അടുത്ത പാർലമെന്റ് ഇലക്ഷന് ഇന്ത്യയിൽ ഇത് അനുഭവിക്കേണ്ടി വന്നാൽ മറ്റ് കാരണമൊന്നും തേടി പോകേണ്ട. എണ്ണക്കമ്പനികളെ കയറൂരി വിട്ടിരിക്കുകയാണ്. നൂറുകോടിയില ധികം ജനങ്ങളുള്ള ഇന്ത്യാ മഹാരാജ്യത്ത് ഒരു ആഴ്ചയിൽ പെട്രോളിന്റെ വില രണ്ടര രൂപ കൂട്ടും, അടുത്തയാഴ്ച ഒരു രൂപ കുറയ്ക്കും, പിറ്റേ ആഴ്ച രണ്ടര രൂപ വീണ്ടും കൂട്ടും. ലോകത്തെവിടെയെങ്കിലും ഈ വ്യവസ്ഥ യുണ്ടോ, ആരാണ് ഇതിനു പിന്നിലിരുന്ന് കൺട്രോൾ ചെയ്യുന്നത്? ഞാനെന്റെ പാർട്ടിയുടെ വർക്കിംഗ് കമ്മിറ്റിയിൽ ചോദിച്ചു. ഞങ്ങൾ നിസ്സഹാ യരാണ്; ഞങ്ങളുടെ കൈയിൽ നിൽക്കുന്ന കാര്യമല്ലെന്നാണ് അവർ പറ ഞ്ഞത്. അതുകൊണ്ട് അടുത്ത പാർലമെന്റ് ഇലക്ഷനിൽ ഡൽഹിയിലു ണ്ടായ അനുഭവമുണ്ടാകണ്ടെങ്കിൽ തീർച്ചയായും ഇതിനാവശ്യമായ നടപടി കൾ....., പാചകവാതകത്തിന്റെ വില തീർച്ചയായും നൂറുകോടിയിലധികം ജന ങ്ങളെ നേരിട്ട് ബാധിക്കുന്ന കാര്യമാണ്. എണ്ണവില പോലെയല്ല പാചകവാത കത്തിന്റെ വില. അതുകൊണ്ട് തീർച്ചയായും ഈ വിഷയം ചർച്ച ചെയ്യേണ്ട തായിരുന്നു. അത് ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത ഗവൺമെന്റിന്റെ നിലപാ ടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. തോമസ് ചാണ്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി. സഭ യിൽ നിന്നും പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചുവന്നു.)